പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

09.08.2023

# ദേശീയ ഹാന്റ് ബോൾ മത്സരം
# കുട്ടികളെ തിരഞ്ഞെടുത്തതിലെ വീഴ്ച
# കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം

**– ബാലാവകാശ കമ്മീഷൻ**

കഴിഞ്ഞ ഡിസംബറിലെ ദേശീയ ഹാന്റ് ബോൾ മത്സരത്തിന് കുട്ടികളെ തിരഞ്ഞെടുത്തതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് വകുപ്പ്തല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. ജില്ലാ സംസ്ഥാന–ദേശീയ കായിക മത്സരത്തിനുള്ള സെലക്ഷൻ നടപടികൾ സുതാര്യമായി നടത്തുന്നതിനും യോഗ്യതയും കഴിവും മാനദണ്ഡമാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാനും യുവജന, കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കമ്മീഷൻ അംഗം ശ്യാമളാദേവി ഉത്തരവ് നൽകി. ഇതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 50 ദിവസത്തിനകം കമ്മീഷന് ലഭ്യമാക്കാനും നിർദ്ദേശിച്ചു.

ദേശീയ സബ് ജൂനിയർ ഹാന്റ് ബോൾ സെലക്ഷനുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ സെലക്ഷൻ ക്യാമ്പ് നടത്തിയിരുന്നു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരിച്ചിട്ടില്ലാത്ത കുട്ടികളെയാണ് ദേശീയ തലത്തിൽ മത്സരിപ്പിച്ചതെന്നും ആദ്യം സെലക്ട് ചെയ്തവരെ ഒഴിവാക്കി സ്പോർട്സ് കൗൺസിൽ കുട്ടികളെ അപമാനിച്ചു തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് തിരുവനന്തപുരം സ്വദേശി നൽകിയ പരാതിയിൻമേലാണ് കമ്മീഷൻ ഉത്തരവ്.

പബ്ളിക് റിലേഷൻസ് ഓഫീസർ